**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2906** **10-03-2025 - ൽ മറുപടിയ്ക്ക്**

**നഗര പ്രദേശങ്ങളിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിന് ഇറിഗേഷൻ വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി കെ പ്രശാന്ത്** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | നഗര പ്രദേശങ്ങളിലെ വെള്ളക്കെട്ട് പരിഹരിക്കാനുതകുംവിധം തോടുകളുടെയും ഓടകളുടെയും തുടർച്ചയായ ശുചീകരണം ഉറപ്പുവരുത്തുന്നതിനായി റണ്ണിംഗ് കോൺട്രാക്ട് സംവിധാനം ഏർപ്പെടുത്തുന്ന വിഷയം ഇറിഗേഷൻ വകുപ്പിന്റെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | റണ്ണിംഗ് കോൺട്രാക്ട് സംവിധാനം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. നിലവിൽ തോടുകളിലും പുഴകളിലും Turn key അടിസ്ഥാനത്തിലും സർക്കാർ ഫണ്ട് ഉപയോഗിച്ചും ശുചീകരണ പ്രവൃത്തി നടപ്പിലാക്കിവരുന്നു. |
| (ബി) | തിരുവനന്തപുരം നഗരത്തിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിന് ഇറിഗേഷൻ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി) | തിരുവനന്തപുരം നഗരത്തിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് മഴക്കാല മുന്നൊരുക്കങ്ങളുടെ ഭാഗമായും അല്ലാതെയും ജലസേചന വകുപ്പിന് കീഴിൽ നടത്തുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. തിരുവനന്തപുരം നഗരത്തിലെ ഏറ്റവും അധികം മാലിന്യ വാഹിനിയായ പട്ടം തോടിന്റെ ശുചീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഏകദേശം 9 കിലോമീറ്റർ നീളമാണ് പട്ടം തോടിനുള്ളത്. അതിൽ അഞ്ച് കിലോമീറ്ററിലെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആണ് ഇപ്പോൾ നടത്തിവരുന്നത്.<br>2. മഴക്കാല മുന്നൊരുക്കങ്ങളുടെ ഭാഗമായി തിരുവനന്തപുരം നഗരത്തിലെ കുര്യാത്തി തോട്, കരിയിൽ തോട്, ഭൂസ്ഥിതി തോട്, എന്നിവയുൾപ്പെടെയുള്ള വിവിധ തോടുകൾ വൃത്തിയാക്കിവരുന്നു. കരിയിൽ തോട്, കരിമഠം കുളം, കുര്യാത്തി തോട്, തെറ്റിയാർ തോട് (തിരുവനന്തപുരം നഗരസഭ ഏരിയ) എന്നിവ പൂർണമായും പുനരുദ്ധാരണം നടത്തി ശുചീകരിക്കുവാൻ നാഷണൽ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിക്ക് മുൻപാകെ എസ്റ്റിമേറ്റുകൾ സമർപ്പിച്ചിട്ടുണ്ട്. |

3. 2021-22 കാലയളവിൽ നടപ്പിലാക്കിയ പ്രധാന പ്രവൃത്തികൾ ഫ്ളഡ് മിറ്റിഗേഷനിൽ ഉൾപ്പെടുത്തി 621.6 ലക്ഷം രൂപയുടെ 15 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. എസ്.ഡി.ആർ.എഫിൽ ഉൾപ്പെടുത്തി വാമനപുരം, കരമന, കിള്ളി, നെയ്യാർ എന്നീ നദികളിലെ മണ്ണും എക്കലും നീക്കം ചെയ്തു വെള്ളമൊഴുക്ക് സുഗമമാക്കുന്ന പ്രവൃത്തികളും നടപ്പിലാക്കിയിട്ടുണ്ട്.
4. കൂടാതെ ആമയിഴഞ്ചാൻ തോടിൽ 25 കോടി രൂപയുടെ പുനരുദ്ധാരണ പ്രവൃത്തികളും ഉള്ളൂർ തോടിൽ 9 കോടി രൂപയുടെ പുനരുദ്ധാരണ പ്രവൃത്തികളും നടപ്പിലാക്കി വരുന്നു.
5. 2018-ലെ പ്രളയത്തിനു ശേഷം മഴക്കാല മുന്നോരുക്കങ്ങൾക്കായി വകുപ്പിന്റെ തനതു ഫണ്ടിൽ നിന്നും വിവിധ പ്രവൃത്തികൾ നടപ്പിലാക്കി നദികളിലേയും തോടുകളിലേയും നീരൊഴുക്ക് സുഗമമാക്കുന്ന പ്രവൃത്തികൾ മഴക്കാലത്തിനു മുന്നോടിയായി നടപ്പിലാക്കി വരുന്നു.
6. ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ വെള്ളപൊക്ക നിയന്ത്രണത്തിന്റെ ഭാഗമായി തിരുവനന്തപുരം നഗരത്തിന് 200 കോടി രൂപ അനുവദിച്ചതിൽ നിന്നും structural intervention ആയി 117.1 കോടി രൂപയുടെയും നോൺ structural intervention ആയി 5 കോടി രൂപയുടേയും പ്രപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.
7. കൂടാതെ General Emergency cleaning of Pazhavangadi thodu portion inside railway tunnel in connection with Amayizhachanthodu incident എന്ന 63 ലക്ഷം രൂപയുടെ പ്രവൃത്തി 90% പൂർത്തീകരിച്ചിട്ടുണ്ട്.
8. General Pazhavangadithodu – Urgent desilitation and allied works of Pazhavangadithodu from Panavila to Confluence point എന്ന 30 ലക്ഷം രൂപയുടെ പ്രവൃത്തിയ്ക്ക് എഗ്രിമെന്റ് വെയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
9. Fencing work of Pazhavangadi thodu at various locations എന്ന 5.54 കോടി രൂപയുടെ പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| | | | 10. General retaining wall construction to Amayizhachanthodu near Phase II – Construction of retaining wall on right bank of Amayizhachanthodu near Nellikuzhi bridge – General Civil work എന്ന 12 കോടി രൂപയുടെ പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ